**QP CODE: S9007**

**Enrollment number :** ..........................................

**Name :** ..........................................

**BA DEGREE EXAMINATION,AUGUST 2023**
**First Semester**
**BA Malayalam Language and Literature**
**B21ML01DC - മലയാളകവിത : ആധുനികം**
**2022 ADMISSIONS**

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം.**

1. ജീവിത സാഗരം കടക്കാനുള്ള ആവിക്കപ്പലിന് നാവികനായി ശ്രീനാരായണഗുരു കല്പിച്ചിരിക്കുന്നത് ആരെയാണ്?
2. പൊയ്കയിൽ അപ്പച്ചൻ തെരഞ്ഞെടുക്കപ്പെട്ടത് ഏത് സഭയിലായിരുന്നു ?
3. വിപ്ലവത്തിന്റെശുക്രനക്ഷത്രം എന്ന് കുമാരനാശാനെ വിശേഷിപ്പിച്ചതാര് ?
4. പ്രപഞ്ചത്തിലെ ചരാചരങ്ങളെയെല്ലാം കോർത്തിണക്കിയിരിക്കുന്നത് എന്തുകൊണ്ടാണെന്നാണ് ഉള്ളൂർ അഭിപ്രായപ്പെടുന്നത്?
5. ആദ്യത്തെ ജ്ഞാനപീഠ പുരസ്കാരം നേടിയ കവി ആര്?
6. എ.ആർ രാജരാജവർമ്മയുടെ വിയോഗത്തിൽ ദു:ഖിച്ച് കുമാരനാശാൻ എഴുതിയ വിലാപകാവ്യം ഏത്?
7. ഇവനെക്കൂടി എന്ന കവിതയിൽ സച്ചിദാനന്ദൻ അനുസ്മരിക്കുന്ന കവി ആര് ?
8. ' കറുപ്പ് ' എന്ന കവിതാസമാഹാരത്തിന്റെ കർത്താവാര് ?
9. വാക്കുകളുടെ മഹാബലി എന്ന് കെ.ജി.ശങ്കരപ്പിള്ള വിശേഷിപ്പിച്ചത് ആരെ?
10. കുന്തി എന്ന കവിത ഏത് കാവ്യസമാഹാരത്തിൽനിന്ന് എടുത്തതാണ് ?
11. കാണെക്കാണെ എന്ന കവിതയിൽ ജാഗ്രതയുടെ രോമവില്ലുകുലച്ചത് ആരാണെന്നാണ് കവി പറയുന്നത്?
12. അച്ചടിമലയാളം നാടുകടത്തിയകവിതകൾ എന്ന ബ്ലോഗിന്റെ ഉടമ ആര്?
13. കൊതിയൻ എന്ന കവിതയിലെ പ്രധാന കാവ്യബിംബം ഏത്?
14. ഹൊഗനേക്കൽ എന്ന കവിത എഴുതിയതാര്?
15. നിലവിളിയെക്കുറിച്ചുള്ള കടങ്കഥകൾ ആരുടെ കവിതാസമാഹാരമാണ് ?

**(1x10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം.**

16. "കാണുന്നുണ്ടനേകം വംശത്തിൻ ചരിത്രങ്ങൾ " - ആരുടെ വരികൾ?സന്ദർഭവും ആശയവും വ്യക്തമാക്കുക.

17. "നീ സത്യം ജ്ഞാനമാനന്ദം നീതന്നെ വർത്തമാനവും ഭൂതവും ഭാവിയും വേറ - ല്ലോതും മൊഴിയുമോർക്കിൽ നീ " - ആശയം വിശദമാക്കുക.
18. എണ്ണീടുകാർക്കുമിതുതാൻ ഗതി! സാധ്യമെന്തു കണ്ണീരിനാൽ ? ഇങ്ങനെ പറയാനുണ്ടായ സാഹചര്യം വ്യക്തമാക്കുക.
19. മാമകപ്രേമം നിത്യമൂകമായിരിക്കട്ടെ -എന്ന് ചിന്തിച്ചതാര്? കാരണമെന്ത്?
20. ചിതയിൽപ്പൊട്ടുന്നതെൻ നാടിന്റെ നട്ടെല്ലല്ലോ - സന്ദർഭവും ആശയവും വിശദമാക്കുക.
21. ഗാർങ്ഗകപ്പക്ഷികൾ എന്ന ബിംബം പകരുന്ന ആശയം വ്യക്തമാക്കുക.
22. കാട് എന്ന കവിതയിൽ കാടിന് കവി തന്റെ പേരിടും എന്ന് പറയുന്നതെന്തുകൊണ്ട്?
23. ദളിത് സാഹിത്യം - കുറിപ്പെഴുതുക
24. ഹൊഗനേക്കൽ എന്ന കവിതയിലെ വെള്ളം എന്ന ബിംബം നൽകുന്ന അർത്ഥതലങ്ങൾ ഏതെല്ലാം?
25. കമറൂൾ ന്റെ നാട്ടിലേക്കുള്ള യാത്രയുടെ പ്രത്യേകതകൾ വിവരിക്കുക.

**(2x5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

26. കാണുന്നില്ലോരക്ഷരവും - എന്ന കവിതയിലെ ദളിത് ചിന്തകൾ ചർച്ചചെയ്യുക.
27. പ്രപഞ്ചത്തിന്റെ മിഥ്യാസ്വരൂപത്തെ ശ്രീനാരായണഗുരു എങ്ങനെയാണ് വർണ്ണിക്കുന്നത് ? വിശദീകരിക്കുക.
28. വീണപൂവ് ലൗകികജീവിതത്തിന്റെ മുഴുവൻ പ്രതീകമാകുന്നതെങ്ങനെ? പരിശോധിക്കുക.
29. ഭൂതക്കണ്ണാടിയിൽ കവി കാണുന്ന ചിത്രങ്ങളുടെ സവിശേഷത വിവരിക്കുക.
30. ഇവനെക്കൂടി എന്ന കവിത ഒരു വിലാപകാവ്യമാണോ? വിലയിരുത്തുക.
31. മലയാള കവിതയിലെ ആധുനികതയെ വിമർശനാത്മകമായി വിലയിരുത്തുക.
32. കൊച്ചിയിലെ വൃക്ഷങ്ങളിൽ കാണുന്ന സാംസ്കാരിക പരിണാമം ചർച്ച ചെയ്യുക.
33. ."ആരറിവൂ മനസ്സാ - രറിവൂ കർമ്മമാരറിവൂ ധർമ്മ- മാരറിവൂ സ്വയം എന്ന ചോദ്യം ബാക്കി " - ഈ വരികളിലെ നൊമ്പരത്തിന്റെ കാരണം വിശദീകരിക്കുക.
34. കാട് എന്ന കവിതയിലെ കാടറിവിന്റെ അനുഭവങ്ങൾ വിവരിക്കുക
35. പാളംതെറ്റിയ തീവണ്ടിയിലുടെ കവി പ്രകൃതിയിലേക്ക് നമ്മളെ കൂട്ടിക്കൊണ്ടുപോകുന്നതെങ്ങനെ? വിശദമാക്കുക.
36. അല്ലാതെന്ത് എന്ന കവിതയുടെ ആഖ്യാനപരമായ സവിശേഷതകൾ നിരൂപണം ചെയ്യുക
37. ഹൊഗനേക്കൽ എന്ന കവിതയിലെ പാരിസ്ഥിതിക സ്ത്രീവാദം നിരൂപണം ചെയ്യുക.

**(5x6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്ത് മാർക്ക് വീതം.**

38. ശ്രീനാരായണഗുരുവിന്റെയും പൊയ്കയിൽ അപ്പച്ചന്റെയും കൃതികളുടെ സമകാലിക പ്രസക്തി ചർച്ച ചെയ്യുക.
39. വീണപൂവ് എന്ന കൃതിയിലെ കാല്പനിക ഭാവനയും ദാർശനിക ചിന്തകളും വിശകലനം ചെയ്യുക.
40. ജി.യുടെ സൂര്യകാന്തി എന്ന കവിതയെ മുൻനിർത്തി മിസ്റ്റിക്, സിംബോളിക് കവിതാരീതികളെക്കുറിച്ച് ഉപന്യസിക്കുക.
41. ആധുനികതയിൽ നിന്ന് ഉത്തരാധുനികതയിലേക്കുള്ള മലയാള കാവ്യപരിണാമം ചർച്ചചെയ്യുക

(10x2=20)